SUKUMARAN



ജയാജയാ ഫിലിംസ്

# മനസ്സ്

കഥ, സംവിധാനം. ഹമീദ് കാക്കശ്ശേരി

മലയാളം പാട്ടുപുസ്തകം

168

# ★ മനസ്സ് ★

തിരക്കഥ, സംഭാഷണം – ജഗതി

ഗാനങ്ങൾ – പി. ഭാസ്കരൻ

സംഗീതം – എം. എസ്സ്. ബാബുരാജ്

ഛായാഗ്രഹണം – കെ. രാമചന്ദ്രബാബു

ചിത്രസംയോജനം – ടി. ആർ. ശ്രീനിവാസലു

കലാസംവിധാനം – എസ്സ്. കൊന്നനാട്ട്

മേക്കപ്പ് – പി. എൻ. കൃഷ്ണൻ

വസ്ത്രാലങ്കാരം – ആർ. നടരാജൻ

പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് – ഗോപി പള്ളിയത്ത്

നൃത്തസംവിധാനം – പാർത്ഥസാരഥി, മൂർത്തി

പബ്ലിസിറ്റി ആർട്ട്, ഡിസൈൻസ് –
ശ്രീനിവാസൻ പിലാശ്ശേരി

സഹസംവിധാനം – എസ്സ്. ജി. ബാലകൃഷ്ണൻ
എ. റ്റി. എ. ബക്കർ എലങ്കുളം

ഓഫീസ് നിർവ്വഹണം – ജി. ആർ. സ്വാമി

ശബ്ദലേഖനം – സി. ഡി. വിശ്വനാഥൻ *A. V. M.*

സ്റ്റുഡിയോ – അരുണാചലം, പ്രകാശ്, സത്യാ

ഔട്ട്ഡോർ യൂണിറ്റ് – പ്രതാപ് ആർട്ട്സ്

സ്റ്റിൽസ് – ത്രീസ്റ്റാർസ്

സഹായികൾ:—

ആനന്ദക്കുട്ടൻ (ഛായാഗ്രഹണം)
രവി (മേക്കപ്പ്)
ഗണേശൻ (വസ്ത്രാലങ്കാരം)
കെ. പി. വേലായുധൻ, ദാസ് (പ്രൊഡക്ഷൻ)
തങ്കപ്പൻ, ശ്രീധരൻ (ഡാൻസ്പോർട്ട്)

**കഥ, സംവിധാനം – ഹമീദ് കാക്കശ്ശേരി**

# മനസ്സിന്റെ ഗതിവിഗതികൾ........

വിവാഹപ്രായം കഴിഞ്ഞിട്ടും കെട്ടിച്ചുവിടാൻ കഴിയാതെവന്ന, മനസ്സ് പ്രാർത്ഥനാമുറിയാക്കിയ സ്വന്തം പെൺമക്കളെ കാണുമ്പോൾ ഏതു് അച്ഛനമ്മമാരുടെ ഹൃദയമാണ് കലങ്ങാത്തതു്? ഏതു സഹോദരനാണു് തളരാത്തതു്.?

സ്വന്തം അനിയത്തി മല്ലികയ്ക്കു് ഒരു ആലോചന വന്നപ്പോൾ രവി ജോലിസ്ഥലത്തുനിന്നും തിരക്കിട്ടുവന്നതു് ശുഭപ്രതീക്ഷകളുമായിട്ടായിരുന്നു. ആ യാത്ര അയാളുടെ ജീവിതത്തെയാകെ തകിടം മറിച്ചു. സുധയെ അതേ യാത്രക്കിടയിൽ വെച്ചാണയാൾ കണ്ടുമുട്ടിയതു്. വെറുമൊരു പരിചിതയായി അവളകന്നുപോയപ്പോൾ ആ നിമിഷങ്ങൾ ഒരു മധുരസ്മരണയായി രവിയുടെ ഹൃദയത്തിൽ തങ്ങിനിന്നു.

മല്ലികയുടെ വിവാഹാലോചന ഒരിക്കൽക്കൂടി പാഴായി. ജന്മനാ തളർന്ന കയ്യ്കൊണ്ട് അതിഥികളുടെനേരെ അവൾ നീട്ടിയ കാപ്പി തുളുമ്പിപ്പോയി. അതേപോലെ അവളുടെ ജീവിതവും പാഴ്മണ്ണിൽ തുളുമ്പിപ്പോകുന്നതുകാണാൻ രവിക്ക കഴിയുമായിരുന്നില്ല. സ്വന്തം അനിയത്തിക്കുവേണ്ടി ഒരു മാറ്റക്കല്യാണത്തിനു രവി ത്യാഗസന്നദ്ധനായി. ഒരു നിമിഷത്തെ പരിചയത്തിലൂടെ ഒരായുഷ്കാല സ്വപ്നമായി മാറിയ സുധയെക്കുറിച്ചുള്ള സ്മരണകൾ മാറ്റിവച്ച് അയാൾ പെണ്ണുകാണാൻ ചെന്നു.

അവിടെ നമ്രമുഖിയായി അയാളുടെ മുമ്പിലെത്തിയ യുവതി അവളായിരുന്നു — സുധ!

വിവാഹത്തിനുള്ള ഉറപ്പുകൊടുത്തു രവി എറണാകുളത്തേക്കു തിരിച്ചുപോയി. പുതുതായി മാറ്റംകിട്ടിയ ജോലിസ്ഥലം. സഹപാഠിയായിരുന്ന റഷീദിനെ ആ നഗരത്തിൽ പബ്ലിക് പ്രോസിക്യൂട്ടർ റഷീദായി കണ്ടുമുട്ടുമെന്നും അയാൾ പ്രതീക്ഷിച്ചിരുന്നില്ല. റഷീദയാളെ വീട്ടിലേക്കു ക്ഷണിച്ചു. ഭാര്യ ഡോക്ടർ നസീമയേയും മകൾ കൊച്ചുമിനിയേയും പരിചയപ്പെടുത്തി. പക്ഷേ! പിന്നീടവർ വെളിപ്പെടുത്തി മിനിമോൾ തങ്ങളുടെ മകളല്ല എന്ന സത്യം.

അവൾ പിന്നെ ആരുടെ മകളാണു്! രവിക്കതു മനസ്സിലായി. എങ്കിലും അയാളതു് റഷീദിൽനിന്നും, നസീമയിൽ നിന്നും മറച്ചുവച്ചു. തകർന്ന മനസ്സുമായി രവി ഇറങ്ങിപ്പോന്നു.

വിവാഹങ്ങൾ നടന്നു. അതു നടക്കണമെന്നതു് രവിയുടെ വാശിയായിരുന്നു.

സുധയും രവിയും തമ്മിൽ.

മല്ലികയും സോമനും തമ്മിൽ

പക്ഷെ ആ യുവതീ-യുവാക്കളുടെ ആദ്യരാത്രികൾ കുറ്റസമ്മതങ്ങളുടെ ദുഃഖരാത്രികളായി മാറിപ്പോയി. എന്തായിരുന്നു അവരുടെ തെറ്റുകൾ? എവിടംവച്ചാണ് അതിന്റെ ആരംഭം? ഡോക്ടർ നസീമയുടെ നേഴ്സിംഗ് ഹോമിൽ വച്ചോ? അതോ ഒരു കാളരാത്രിയിൽ പിടഞ്ഞു മരിക്കേണ്ടിവന്ന രാധയുടെ ശവക്കുഴിയിൽ വച്ചോ? മോഹനൻ തന്റെ സ്വപ്നങ്ങൾക്കു നൽകിയ മധുവിരുന്നിൽ വച്ചോ?

അതറിയുന്നതിനുമുമ്പ് ഇത്രയുംകൂടി —

പബ്ലിക് പ്രോസിക്യൂട്ടർ റഷീദിന് സ്ഥാനം രാജിവെയ്ക്കേണ്ടിവന്നു: ഡോക്ടർ നസീമയ്ക്ക് അഞ്ചു വർഷം താലോലിച്ചു വളർത്തിയ മിനിമോളെ പിരിയേണ്ടിവന്നു. "ഇവിടം സ്വർഗ്ഗം പോലിരിക്കുന്നു" എന്ന് സുധ പറഞ്ഞ ഒരു സുഖവാസകേന്ദ്രത്തിലെ ഹിൽടോപ്പ് ഹോട്ടലിൽ വച്ച് പകയും, വിദ്വേഷവും, പ്രതികാരദാഹവും നിറഞ്ഞ മനുഷ്യമനസ്സിന്റെ മറ വലിച്ചു നീക്കപ്പെടുന്നു..........

നിങ്ങളുടെ മനസ്സ് പതറാതിരിക്കട്ടെ!

## ഗാനം 1

പാടിയത് - ജാനകി

കൃഷ്ണാ........... കൃഷ്ണാ............
കൃഷ്ണദയാമയ ദൈന്യനാശന
കൃപാമൃതം പകരു
ആകുല ഭീകര സാഗരതിരയിൽ
അച്യുത നിൻ പദംശ്യാമതീരം (കൃഷ്ണദയാമയ........)
വഴിയിൽ വാടിക്കൊഴിഞ്ഞു വീണൊരു
വാസന്തകുസുമം ഞാൻ
വന്നണയാൻ നിൻ പദത്തിൽ വീണൊരു
വനാന്തകുസുമം ഞാൻ (കൃഷ്ണദയാമയ........)
സകല ദുരിതഹര മുരളീനാദം
പരാത്പരാ നിൻ നാമം
പാപമാം മരുവെ പൂവനമാക്കും
പാദസരോജ സ്പർശം (കൃഷ്ണദയാമയ........)

## ഗാനം 2

പാടിയത് - **രവി കുളത്തുപ്പുഴ-**
**കോഴിക്കോട് വേൾ**

അടുത്തലോട്ടറി നറുക്കുവല്ലതും നമുക്കുവീണെങ്കിൽ
കരിമ്പിൻകാലാ കള്ളുഷാപ്പ് വിലയ്ക്കെടുത്തേനെ -
ഞാൻ വിലയ്ക്കെടുത്തേനെ
അടുത്തലോട്ടറി നറുക്കുവല്ലതും നമുക്കുവീണെങ്കിൽ
ഇരുനനത്തെ ചാരായക്കടെ വിലയ്ക്കെടുത്തേനെ -
ഞാൻ വിലയ്ക്കെടുത്തേനെ [അടുത്ത........]

വരുന്നകൂട്ടരെ പുലരിക്കള്ളാൽ മുഖംകഴുകിക്കും
പൊരിച്ചമീനും വറുത്ത മുട്ടയും എല്ലാവർക്കും ഫ്രീ
വഴിയിലൊക്കെ ഞാൻ പൈപ്പുവെയ്ക്കും
അതിനകത്തൂടെ ഒഴുകിവരും രസികൻ മദ്യം
എല്ലാവർക്കും ഫ്രീ
[അടുത്ത........]

വൈക്കത്തപ്പൻ എനിക്കൊരുചെറു വരംതരുമെങ്കിൽ
സ്വർഗ്ഗത്തിൽപോയി താമസിക്കാൻ ചീട്ടുവാങ്ങിയേനെ
കല്പവൃക്ഷം സർവ്വവും ചെത്താൻ പാട്ടമെടുത്തേനെ
ഉർവ്വശിക്കൊരു കല്യാണത്തിന് ആളെനോക്കിയേനെ
നറുക്കെടുക്കുന്നേരം ഒന്നാംസമ്മാനം നമുക്കുവന്നെങ്കിൽ
അടുത്തവണ്ടിക്ക് മദ്രാസിൽപോയി പടംപിടിച്ചേനെ
അതിലെ നായകനായി ഞാനൊന്നഭിനയിച്ചേനെ
അടുത്തുവന്ന താരത്തിനെ കെട്ടിപ്പിടിച്ചേനെ
അയ്യോ കെട്ടിപ്പിടിച്ചേനെ
[അടുത്ത ലോട്ടറി നറുക്കുവല്ലതും........]

## ഗാനം 3

പാടിയത് - **ഇബ്രാഹിം**

ലാലാ.......... ലാലാ.......... ലലലലലാ
കല്പനാരാമത്തിൽ കണിക്കൊന്ന പൂത്തപ്പോൾ
സ്വപ്നമനോഹരി നീവന്നു - എന്റെ
സ്വപ്നമനോഹരി നീവന്നു (കല്പനാരാമത്തിൽ........)

മാനത്തെ നന്ദനവനത്തിൽ നിന്നോ
മാനസഗംഗാ തീരത്തുനിന്നോ
താരകയായി [ഹാ............ ഹാ............]
ചന്ദ്രമുഖിയായി
പ്രേമചാരുമരാളികയായി നീവന്നു
(കല്യാണാരാമത്തിൽ........)

കല്പകവള്ളികളാം അലങ്കരിച്ചു
പല്ലക്കിലേറിവരും വസന്തംപോലെ
ദേവതയായി [ഹാ............ ഹാ............]
മദാലസയായി
രംഗദേവനാന്തരംഗമായി നീവന്നു (കല്യാണാരാമത്തിൽ....)
ഹാ............ ഹാ............ ഹാ............
ലാ............ ലാ............ ലാ............

## ഗാനം 4

പാടിയതു് – **ബി. വസന്ത**

അമ്മുവിനിന്നൊരു സമ്മാനം
അഞ്ചാംപിറന്നാൾ സമ്മാനം
മമ്മിയൊരുമ്മ, ഡാഡിയൊരുമ്മ
അങ്കിൾ മാത്രം തന്നില്ലൊരുമ്മ
ഹാപ്പി, ഹാപ്പി, ഹാപ്പി, ഹാപ്പി, ഹാപ്പി ബത്ത്ഡേ
ഹാപ്പി, ഹാപ്പി ബത്ത്ഡേ
കാപ്പി, ചായ, ചോക്ലേറ്റ്, ഐസ്ക്രീം കിട്ടും–
ബത്ത്ഡേ

ആടാറാണത്താല, കതിരോണത്താല
ആടിയോടും കുയിലോണത്താല
ലാ ലാ ലാ ലാ ലാ ല ല ല ല്ല ല
ആകാശംചുറ്റും അത്ഭുതപ്പെട്ടിയിൽ
അന്നുപിറന്നേറും യന്ത്രോണത്താലാ [ഹാപ്പി........]

അമ്മുവിനിന്നൊരു സമ്മാനം............
മോട്ടോർ യാത്ര — പം പാം പാം പം പാം
സൈക്കിൾ യാത്ര — ക്ലീം ക്ലീം ക്ലീം ക്ലീം ക്ലീം
പാട്ടുംപാടി തോണിയിൽ യാത്ര
കുണ്ടാമണ്ടി തീവണ്ടിയാത്ര
ചുക് ചുക് ചുക് ചുക് ചുക് ചുക്
കൂക്കിവിളിക്കും തീവണ്ടിയാത്ര [ചുക് ചുക്........]
ഹാപ്പി, ഹാപ്പി, ഹാപ്പി, ഹാപ്പി, ഹാപ്പി ബർത്ത്ഡേ
ഹാപ്പി, ഹാപ്പി ബർത്ത്ഡേ [അമ്മുവി........]

## ഗാനം 5

പാടിയതു് - ജാനകി

എല്ലാമറിഞ്ഞവൻ നീമാത്രം
എന്നെ അറിഞ്ഞവൻ നീമാത്രം
എല്ലാമറിഞ്ഞവൻ നീമാത്രം
അന്ധകാരത്തിൽ മുങ്ങിക്കിടന്നൊരെൻ
അന്തരംഗത്തിലെ മന്ദിരത്തിൽ
പ്രണയത്തിൻ മണിദീപമാല കൊളുത്തിയെൻ
പ്രിയമുള്ളവനെ നീവന്നു (എല്ലാ........)

പരിചയമില്ലാത്തൊരേതോ സ്വപ്നത്തിൻ
പരിമള ലഹരി നീകൊണ്ടുവന്നു
അതിനോടൊപ്പം എന്നാരാമത്തിൽ
അനുരാഗ ചൈത്രവും ഓടിവന്നു (എല്ലാ........)

മന്ദഹസിക്കാൻ മറന്നൊരെൻ ചുണ്ടുകൾ
മന്ദാരപുഷ്പം വിടർത്തി
വീണ്ടും മന്ദാരപുഷ്പം വിടർത്തി
നവ്യപ്രതീക്ഷകൾ രാജഹംസങ്ങളായി
നയനത്തിൻ നീല സരസ്സിലെത്തി
എല്ലാമറിഞ്ഞവൻ നീമാത്രം
എന്നെ അറിഞ്ഞവൻ നീമാത്രം

## ★ അഭിനയിക്കുന്നവർ ★

| | |
|---|---|
| നസീർ | ജയഭാരതി |
| ഉമ്മർ | രാജശ്രീ |
| സുധീർ | സുജാത |
| വിൻസന്റ് | ടി. ആർ. ഓമന |
| ശങ്കരാടി | ഫിലോമിന |
| അടൂർഭാസി | ഖദീജ |
| ബഹദൂർ | രാധാദേവി |
| നെല്ലിക്കോടൻ | സി. ആർ. ലക്ഷ്മി |
| നിലമ്പൂർ ബാലൻ | അമ്പിളി |
| ജോസ് പ്രകാശ് (ഗസ്റ്റ് ആർട്ടിസ്റ്റ്) | |
| രാഘവമേനോൻ | ടീസ |
| അബ്ബാസ് | ഗിരിജ |
| കെടാമംഗലം അലി | ബേബിസരള |

---

രാധാകൃഷ്ണാ – കടക്കരപ്പള്ളി, ചേർത്തല   ഫോൺ: 190